9 (2387) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ രംഗത്ത് പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പദ്ധതിയിലും പെട്ട വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്രകാരം അനുവദിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ഓരോ വർഷവും എത്രത്തോളം സാമ്പത്തിക ബാദ്ധ്യതയാണ് സർക്കാരിനുണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങളെ സംബന്ധിച്ച് ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളെ ബോധവാന്മാരാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആയതിലേക്ക് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പുതുതായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വിശദവിവരം അനുബന്ധമായി കാണിച്ചിരിക്കുന്നു.†

(സി) ഈ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ഓരോ വർഷവുമുണ്ടായ സാമ്പത്തിക ബാദ്ധ്യത ചുവടെ ചേർക്കുന്നു.

1996-97	2613.35 ലക്ഷം രൂപ
1997-98	3586.11 ലക്ഷം രൂപ
1998-99	3639.17 ലക്ഷം രൂപ

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

10 (2388) എസ്.സി./എസ്.ടി വിദ്യാർത്ഥികൾക്ക് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നു എന്നും അറിയിക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ എത്ര വീതം വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നതെന്നും ഓരോ വിദ്യാർത്ഥിക്കും എന്തെല്ലാം സൗകര്യ

---

† അനുബന്ധം III, III A

†

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനം കിട്ടിയവർക്ക് ഈ പദ്ധതിയിൻകീഴിൽ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. ഈ പദ്ധതി പ്രകാരം 35,000/- രൂപ വരെ നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്ന വീടുകളാണ് നിർമ്മിക്കേണ്ടത്. ധനസഹായം നാല് ഗഡുക്കളായിട്ടാണ് അനുവദിക്കുന്നത്.

1. വായ്പാനുമതിയോടൊപ്പം ഒന്നാം ഗഡുവായി 7000 രൂപയും
2. രണ്ടാം ഗഡുവായി 10,000 രൂപ കെട്ടിടത്തിന്റെ അടിത്തറ നിർമ്മിച്ച് കഴിയുമ്പോൾ ചെക്കായോ/കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികളായോ
3. മൂന്നാം ഗഡുവായി 14,000 രൂപ കെട്ടിടത്തിന്റെ കൂരമട്ടം വരെ പണി പൂർത്തിയാക്കുമ്പോൾ ചെക്കായോ കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികളായോ
4. നാലാം ഗഡുവായി 4,000 രൂപ വീടിന്റെ പണി പൂർത്തിയാകുമ്പോഴും നൽകുന്നു.

ഓരോ ഗഡുവിൽ നിന്നും അതാത് തുകയുടെ ഒന്നര ശതമാനം സർവീസ് ചാർജ്ജായി യഥാക്രമം 105, 150, 210, 60 രൂപയും നാലാം ഗഡുവിൽ നിന്ന് ഗുണഭോക്താവിന്റെ അപകടമരണത്തിനും വീടിന്റെ നാശനഷ്ടങ്ങൾക്കും എതിരെ ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുമായി 15 വർഷത്തേക്ക് ബോർഡ് നേരിട്ട് കരാറിലേർപ്പെടുത്തുന്നതിനാവശ്യമായ 175 രൂപയും കഴിച്ചശേഷം ബാക്കി തുക നൽകുന്നതുമാണ്.

വീടില്ലാത്ത പട്ടികജാതിക്കാർക്ക് വീടു വച്ചുകൊടുക്കാൻ പട്ടികജാതി വികസന വകുപ്പിന്റെ തന്നെ പല പദ്ധതികളും നിലവിലുണ്ട്. ഇവ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണ്.

1. ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി (വസ്തുവിന് 15,000 രൂപ വീടിന് 35,000 രൂപ)
2. ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതിക്കാരുടെ ഉന്നമനം (വസ്തുവിന് 25,000 രൂപ (5 സെന്റ്) വീടിന് 35,000 രൂപ)
3. പുറമ്പോക്കു നിവാസികളുടെ പുനരധിവാസം (വസ്തുവിന് 15,000 രൂപ വീടിന് 35,000 രൂപ)
4. ഐ.എച്ച്.ഡി.പി. ഭവന നിർമ്മാണ പദ്ധതി (വീടിന് 35,000 രൂപ)

പട്ടികവർഗക്കാർക്ക് സാധാരണ സ്ഥലങ്ങളിൽ 35,000 രൂപയും ദുർഘട പ്രദേശങ്ങളിൽ 42,000 രൂപയും ഭവന നിർമ്മാണ ധനസഹായമാണ് നൽകുന്നത്. ഇവർക്ക് വയറിംഗ് ഗ്രാന്റ് 1000 രൂപയും പുകയില്ലാത്ത അടുപ്പിന് 500 രൂപയും അനുവദിച്ചിട്ടുണ്ട്.

അനുബന്ധം III

13.7.99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 9 (2387) ദയവായി കാണുക

സ്കൂൾതലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോകൽ തടയുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചു. പ്രീമെട്രിക് ഹോസ്റ്റലുകളിൽ 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ സമ്പ്രദായവും ലൈബ്രറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.എസ്.എൽ.സി. ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് സ്കൂളിനടുത്തുള്ള ട്യൂട്ടോറിയലിൽ ചേർന്ന് സ്വകാര്യ ട്യൂഷൻ പഠിക്കുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി 1998-99 അദ്ധ്യയനവർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ഏഴ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലും എറണാകുളം പാലക്കാട് ജില്ലകളിൽ യഥാക്രമം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഓരോ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പട്ടിക ജാതി വികസന വകുപ്പിലും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കട്ടേലയിലും വയനാട് ജില്ലയിൽ നല്ലൂർനാടിലും പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പ്ലസ്ടു കോഴ്സുകൾ ആരംഭിച്ചു.

ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡോക്ടർ അംബേദ്കർ മെമ്മോറിയൽ ക്യാഷ് അവാർഡും, മെഡലും 1998-99-മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശ സർവ്വകലാശാലകളിൽ മോഡേൺ സയൻസ്, അപ്ലൈഡ് സയൻസ്, മാനേജ്മെന്റ് എന്നീ കോഴ്സുകളിൽ ഉപരിപഠനം നടത്തുന്ന പട്ടികജാതിക്കാർക്ക് 1.8 ലക്ഷം രൂപ വരെ പലിശരഹിത വായ്പ നൽകുന്ന പദ്ധതി 1998-99 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ പ്രവർത്തിക്കുന്ന ആശ്രമം സ്കൂൾ അപ്പർ പ്രൈമറി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. കട്ടേല നല്ലൂർനാട് മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പ്രത്യേക കോച്ചിംഗ് ആരംഭിച്ചു. നൂൽപ്പുഴയിൽ പ്രവർത്തിക്കുന്ന പ്രാചീന ഗോത്രവർഗ്ഗ കുട്ടികൾക്കുള്ള ആശ്രമം സ്കൂൾ ഹൈസ്കൂളായി ഉയർത്തി.

അനുബന്ധം III A

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 9 (2387) ദയവായി കാണുക

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ തടയുന്നതിനുള്ള പദ്ധതിപ്രകാരം ജോഡിക്ക് 220 രൂപ ക്രമത്തിൽ രണ്ട് ജോഡി ഡ്രസ്, കുട, സ്കൂൾബാഗ്, ചെരിപ്പ് എന്നിവയ്ക്കായി 230 രൂപയും, ഇടയ്ക്ക് വച്ച് പഠനം നിറുത്തിയ വിദ്യാർത്ഥികൾ തിരികെ ചേർന്ന് പഠനം നടത്തുന്നതിന് പ്രോത്സാഹന ധനസഹായമായി 500 രൂപയും നൽകുന്നു.

മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് മെസ് ചാർജ്ജ്, വാഷിംഗ് ചാർജ്ജ്, സോപ്പും എണ്ണയും, മെഡിക്കൽ എക്സ്പെൻസസ്, ഹെയർ കട്ടിംഗ് എന്നീ ഇനത്തിൽ ഒരു കുട്ടിക്ക് പ്രതിമാസം 620/- രൂപയും ഡ്രസ്സ്, പുസ്തകം. ബുക്ക്, കണ്ണാടി, ചീപ്പ്, ഇവ വാങ്ങുന്നതിന് പ്രതിവർഷം 1420/- രൂപയും ചെലവ് വരുന്നതാണ്.

എസ്.എസ്.എൽ.സി.ക്ക് ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കുന്ന ഒരു കുട്ടിക്ക് പ്രതിവർഷം 800/- രൂപ നൽകുന്നുണ്ട്.

ഇതിനുപുറമെ പ്രൊഫഷണൽ ടെക്നിക്കൽ കോഴ്സുകൾക്കുള്ള ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യങ്ങൾ 1996-97 അദ്ധ്യയനവർഷം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ പരീക്ഷകളിൽ നൈപുണ്യം നേടിയ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന സമ്മാനത്തിനുള്ള തുകയും 1998-99 വർഷം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

അനുബന്ധം IV

		Budget Estimated for 1999-2000				
Demand Number	Name of Demand	Amount of Demands for Grants on Account voted by the House on 25-3-1999		Amount of Demands for Grants to be submitted to the vote of the House		
		Revenue (Rs.)	Capital (Rs.)	Revenue (Rs.)	Capital (Rs.)	Total (Rs.)
(1)	(2)	(3)	(4)	(5)	(6)	(7)
*1	State Legislature	4,16,56,000	-------	8,33,13,000	------	8,33,13,000

LIBRARY ARCHIVES Kerala Legislative Assembly